# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**



**പി.ആർ.ഒ./39/262/2018** **2018 ഡിസംബർ 6**


## എം.ജി. വാർത്താക്കുറിപ്പ്

### പുതുക്കിയ പരീക്ഷ തീയതി

2018 ഡിസംബർ 18ന് നടത്താനിരുന്ന മൂന്നാം സെമസ്റ്റർ എം.എ./ എം.എസ്‌സി./ എം.കോം./ എം.സി.ജെ./ എം.എസ്.ഡബ്ല്യു./ എം.ടി.എ./ എം.ടി.ടി.എം. (സി.എസ്.എസ്. - 2017 അഡ്മിഷൻ റഗുലർ/ 2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി/ 2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകൾ 2019 ജനുവരി 11ന് നടക്കും. മറ്റ് പരീക്ഷ തീയതികൾക്ക് മാറ്റമില്ല.

### പരീക്ഷ തീയതി

മൂന്നാം സെമസ്റ്റർ എം.എ./ എം.സി.ജെ./ എം.എസ്.ഡബ്ല്യു./ എം.ടി.എ./ എം.ടി.ടി.എം. (സി.എസ്.എസ്. - 2017 അഡ്മിഷൻ റഗുലർ/ 2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി/ 2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷയുടെ ഹിസ്റ്ററി ഓഫ് മേളം ആചാര്യാസ്, മദ്ദളം ആചാര്യാസ് ആന്റ് ദെയർ കോൺട്രിബ്യൂഷൻസ് എന്നീ പേപ്പറുകൾ ഡിസംബർ 12ന് നടക്കും. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ ബി.സി.എ./ബി.എസ്.സി. കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (സി.ബി.സി.എസ്.എസ്. - 2016 അഡ്മിഷൻ റഗുലർ/2013-2015 അഡ്മിഷൻ റീഅപ്പിയറൻസ്) ഒക്ടോബർ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ 13, 14, 17, 18, 19 തീയതികളിൽ വിവിധ കോളേജുകളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

### വൈവാവോസി

ആറാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് (റഗുലർ/സപ്ലിമെന്ററി) പരീക്ഷകളുടെ പ്രോജക്ട് മൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും പിഴയില്ലാതെ ഡിസംബർ 10 വരെയും 500 രൂപ പിഴയോടെ 11 വരെയും 1000 രൂപ സൂപ്പർഫൈനോടെ 12 വരെയും അപേക്ഷിക്കാം.

### പരീക്ഷഫലം

2017 സെപ്തംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.വോക്. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 21 വരെ അപേക്ഷിക്കാം.

2017 ഒക്ടോബറിൽ നടത്തിയ സി.ബി.സി.എസ്.എസ്. അഞ്ചാം സെമസ്റ്റർ ബി.എ. മോഡൽ I, II, III (2013ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 10 വരെ അപേക്ഷിക്കാം.

2018 ഓഗസ്റ്റിൽ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. (മലയാളം, ഇംഗ്ലീഷ് - ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

2018 ജനുവരിയിൽ സ്കൂൾ ഓഫ് സോഷ്യൽ സയൻസസിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ. ഹിസ്റ്ററി, ആന്ത്രപ്പോളജി (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

## എം.ജി. സർവകലാശാല യൂണിയന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം

**- നവോത്ഥാന മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന പ്രവർത്തനങ്ങൾ വേണം: ജോയ്സ് ജോർജ് എം.പി.**

നവോത്ഥാന മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന പ്രവർത്തനങ്ങൾക്ക് സർവകലാശാല യൂണിയൻ നേതൃത്വം നൽകണമെന്ന് ജോയ്സ് ജോർജ് എം.പി. മഹാത്മാ ഗാന്ധി സർവകലാശാല വിദ്യാർഥി യൂണിയന്റെ ഉദ്ഘാടനം തൊടുപുഴ അൽ അസർ കോളേജിൽ നിർവഹിച്ച് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സാമൂഹിക നവോത്ഥാനത്തിന് വിദ്യാർഥികൾക്ക് മികച്ച പങ്ക് വഹിക്കാൻ കഴിയും. ഇതിന് വിദ്യാർഥികൾ മുന്നിട്ടിറങ്ങണമെന്നും അദ്ദേഹം പറഞ്ഞു.

യൂണിയൻ ചെയർമാൻ എസ്. നിഖിൽ അധ്യക്ഷത വഹിച്ചു. മാധ്യമപ്രവർത്തകൻ അഭിലാഷ് മോഹൻ മുഖ്യപ്രഭാഷണം നടത്തി. സിൻഡിക്കേറ്റംഗം ഡോ. പി.കെ. പത്മകുമാർ, ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് സർവീസസ് ഡയറക്ടർ ഡോ. എം.കെ. ബിജു, അൽ അസർ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റിയൂഷൻ ചെയർമാൻ കെ.എം. മൂസ, പ്രിൻസിപ്പൽ ഡോ. സോമശേഖരപിള്ള, യൂണിയൻ ജനറൽ സെക്രട്ടറി സായി കൃഷ്ണ, വൈസ് ചെയർമാൻ കെ.ആർ. അജിത് കൃഷ്ണ എന്നിവർ പ്രസംഗിച്ചു.

### ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല വിദ്യാർഥി യൂണിയന്റെ ഉദ്ഘാടനം തൊടുപുഴ അൽ അസർ കോളേജിൽ ജോയ്സ് ജോർജ് എം.പി. നിർവഹിക്കുന്നു**

**ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരുടെ രാജ്യാന്തര ദിനം നാളെ**

## നാടിന് മാതൃകയായി എം.ജി. സർവകലാശാലയിലെ വൊക്കേഷണൽ റീഹാബിലിറ്റേഷൻ സെന്റർ

ബൗദ്ധിക വെല്ലുവിളി നേരിടുന്നവരുടെ രാജ്യാന്തര ദിനം നാളെ (ഡിസംബർ 8) നാട് ആഘോഷിക്കുമ്പോൾ സംസ്ഥാനത്തിനുതന്നെ മാതൃകയാവുകയാണ് മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് വൊക്കേഷണൽ റീഹാബിലിറ്റേഷൻ സെന്റർ (വി.ആർ.സി.). തൊഴിൽ പരിശീലനത്തിലൂടെയും വ്യക്തിത്വ - നൈപുണ്യ വികസന പരിപാടികളിലൂടെയും ബൗദ്ധികമായി വെല്ലുവിളി നേരിടുന്നവരെ സ്വന്തംകാലിൽ ജീവിക്കാൻ പഠിപ്പിക്കുകയാണ് വി.ആർ.സി. സെന്ററിന്റെ മികവാർന്ന പ്രവർത്തനങ്ങൾക്ക് ഒന്നര പതിറ്റാണ്ടിന്റെ തിളക്കമുണ്ട്. 18 വയസിന് മുകളിലുള്ള ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർക്ക് ആശ്രയമായി 2004ലാണ് വി.ആർ.സി. പ്രവർത്തനമാരംഭിക്കുന്നത്.

സർവകലാശാലയിലേക്ക് ആവശ്യമായ ഫയൽ ബോർഡുകൾ തയാറാക്കി നൽകുന്നത് വി.ആർ.സി.യിലെ ഭിന്നശേഷിക്കാരായ അംഗങ്ങളാണ്. സ്പെഷൽ ടീച്ചേഴ്സിന്റെ നേതൃത്വത്തിൽ തൊഴിൽ പരിശീലനം നൽകിയാണ് ഫയൽ ബോർഡ് നിർമ്മാണം സാധ്യമാക്കിയത്. ഫയൽ ബോർഡുകളുടെ വിലയായി കിട്ടുന്ന തുക വ്യക്തികളുടെ പ്രവർത്തനമികവനുസരിച്ച് പ്രതിഫലമായി നൽകുന്നു.

സർവകലാശാലയിൽ ടീസ്റ്റാളും ഇവർ നടത്തുന്നുണ്ട്. വെൻഡിംഗ് മെഷീനടക്കം സ്വയം പ്രവർത്തിപ്പിച്ച് മികച്ച രീതിയിൽ ടീസ്റ്റാൾ നടത്തുന്ന ഇവർ ഇതിൽ നിന്ന് ലഭിക്കുന്ന പണം സർവകലാശാലയിലെ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിക്ഷേപിക്കുന്നു. പേപ്പർ ക്യാരി ബാഗുകളുടെ നിർമ്മാണം ആരംഭിക്കാനുള്ള തയ്യാറെടുപ്പിലും പരിശീലനത്തിലുമാണിവർ. ക്ലീനിംഗ് ജോലികളിലൂടെ മാസം 1350 രൂപ മുതൽ 1500 രൂപ വരെ ആർജിക്കുന്നു. ഇതിനൊപ്പം ഫുട്ബോൾ പരിശീലനവും യോഗ, വ്യായാമ, നൈപുണ്യ പരിശീലനങ്ങളും സെന്ററിലൂടെ ഇവർക്ക് ലഭ്യമാകുന്നു. കലാപരമായ കഴിവുകൾ

വളർത്താനുള്ള പരിശീലനത്തിനൊപ്പം ആശയവിനിമയം, സാമൂഹിക സഹവാസം എന്നിവയിൽ പ്രത്യേക പരിശീലനവും നേടുന്നു. ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കൾക്കായും പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരുടെ രാജ്യാന്തര ദിനാചരണം ഇന്ന് (ഡിസംബർ 7) സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടക്കും. രാവിലെ 11ന് ഡോ. ബിനു ജോർജ് വർഗീസ് ഉദ്ഘാടനം നിർവഹിക്കും. ഡയറക്ടർ പ്രൊഫ. എൻ. രാജീവ് കുമാർ അധ്യക്ഷത വഹിക്കും. ഡെക്കാത്തലോൺ കോ-ഓർഡിനേറ്റർ പ്രിൻസ് വർഗീസ് തീം പ്രസന്റേഷൻ നടത്തും. ഡോ. കെ.എം. മുസ്തഫ. സോഫിയ ജോസഫ്, താൻസൺ എന്നിവർ പങ്കെടുക്കും.

## ഫോട്ടോ ക്യാപ്ഷൻ

**(1) മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് വൊക്കേഷണൽ റീഹാബിലിറ്റേഷൻ സെന്ററിലെ അംഗങ്ങൾ തയ്യാറാക്കിയ ഫയൽ ബോർഡ് നൽകുന്നതിനായി വാഹനത്തിൽ കയറ്റുന്നു**

**(2) മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് വൊക്കേഷണൽ റീഹാബിലിറ്റേഷൻ സെന്ററിലെ അംഗങ്ങൾ ഫയൽ ബോർഡ് നിർമിക്കുന്നു**

**(3) മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് വൊക്കേഷണൽ റീഹാബിലിറ്റേഷൻ സെന്ററിലെ അംഗങ്ങൾക്ക് നൽകുന്ന വ്യായാമ പരിശീലനം**

**(4) മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് വൊക്കേഷണൽ റീഹാബിലിറ്റേഷൻ സെന്ററിലെ അംഗങ്ങൾ ബാങ്ക് ഇടപാടുകൾ നടത്തുന്നു**

**എ. അരുൺ കുമാർ**
**പബ്ലിക് റിലേഷൻസ് ഓഫീസർ**